പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2475 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ സമ്പത്ത് ഉപയോഗിച്ച് സംരംഭങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന സമ്പത്ത് ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വലിയ വ്യവസായ സംരംഭങ്ങളും ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: സഹകരണ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന സമ്പത്ത് ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വൻകിട വ്യവസായ സംരംഭങ്ങളും ആരംഭിക്കുക എന്നത് കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന് വലിയ സാധ്യതയുള്ള ആശയമാണ്. പരമ്പരാഗത നിക്ഷേപങ്ങളിലും വായ്പാ പ്രവർത്തനങ്ങളിലും മാത്രം ഒതുക്കാതെ, തൊഴിൽ സൃഷ്ടിക്കുന്നതും അറിവ് വളർത്തുന്നതും ഉൽപ്പാദനം വർധിപ്പിക്കുന്നതുമായ മേഖലകളിലേക്ക് ടി സ്ഥാപനങ്ങളെ വിനിയോഗിക്കാവുന്നതാണ്.

സഹകരണമേഖലയെ തൊഴിൽ ദായകവും സാമ്പത്തികമായി സ്വയംപര്യാപ്തവുമാക്കി മാറ്റുന്നതിനും ഭാവി കാലത്തെ വികസന ആവശ്യങ്ങൾക്കനുസൃതമായി വൈവിധ്യ വൽക്കരിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ആയതിനായി **പബ്ലിക് കോ-ഓപ്പറേറ്റീവ് പാർട്ണർഷിപ്പ് (PCP)** മാതൃക അടിസ്ഥാനമാക്കിയുള്ള വികസന സമീപനം പദ്ധതികളിൽ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികൾ സ്വീകരിച്ച് വരുന്നു.

സഹകരണമേഖലയിൽ PCP മാതൃകയിൽ വൈവിധ്യമായ പദ്ധതികൾക്കായി പഠനങ്ങൾ നടത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി 100 ലക്ഷം രൂപ 2026-27ലെ പുതുക്കിയ ബജറ്റിൽ വകയിരുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ